KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**പത്രക്കുറിപ്പ്** **11.08.2024**

## പ്രധാനമന്ത്രി ഗതിശക്തി ദക്ഷിണമേഖല ശിൽപ്പശാല ഓഗസ്റ്റ് 13 ന് തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** സംയോജിത അടിസ്ഥാന സൗകര്യ ആസൂത്രണത്തിനായുള്ള പിഎം ഗതിശക്തി (പിഎംജിഎസ്) പദ്ധതിയുടെ ദക്ഷിണമേഖലാ ജില്ലാതല കപ്പാസിറ്റി ബിൽഡിംഗ് വർക്ക്ഷോപ്പ് അഞ്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വിവിധ ജില്ലകളെ ഉൾപ്പെടുത്തി ഓഗസ്റ്റ് 13 ന് തിരുവനന്തപുരത്ത് നടക്കും. വഴുതക്കാട് ഹയാത്ത് റീജൻസിയിൽ നടക്കുന്ന പരിപാടിയിൽ വ്യവസായ കയർ നിയമ വകുപ്പ് മന്ത്രി പി രാജീവ്, ജില്ലാ കളക്ടർമാർ, കേന്ദ്ര-സംസ്ഥാന ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

കേരള സർക്കാരിന്റെ സഹകരണത്തോടെ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ ലോജിസ്റ്റിക്സ് ഡിവിഷൻ (ഡിപിഐഐടി) ആണ് ശിൽപശാല നടത്തുന്നത്. പ്രദേശ വികസന സമീപനത്തിൽ ഊന്നൽ നൽകുന്ന മേഖലാ ശിൽപശാലകളുടെ പരമ്പരയിലെ മൂന്നാമത്തേതാണിത്.

മൾട്ടി-മോഡൽ കണക്റ്റിവിറ്റിക്കായുള്ള ദേശീയ മാസ്റ്റർ പ്ലാനാണ് പിഎം ഗതിശക്തി. അടിസ്ഥാന സൗകര്യ പദ്ധതി ആസൂത്രണവും നടപ്പാക്കലും ഏകോപനവും ഇത് ലക്ഷ്യമിടുന്നു. ലോജിസ്റ്റിക് ചെലവ് കുറയ്ക്കുക എന്നതാണ് ഇതിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. റെയിൽവേയും റോഡും ഉൾപ്പെടെ 16 മന്ത്രാലയങ്ങളെ സംയോജിത ആസൂത്രണത്തിനും കണക്റ്റിവിറ്റി പദ്ധതികളുടെ ഏകോപനത്തിലും നടപ്പാക്കലിനും ഒരുമിച്ച് കൊണ്ടുവരുന്നു. മൾട്ടി-മോഡൽ കണക്റ്റിവിറ്റി ഒരു ഗതാഗത മാർഗ്ഗത്തിൽ നിന്ന് മറ്റൊന്നിലേക്ക് ചരക്ക്-സേവന നീക്കത്തിന് തടസ്സമില്ലാത്ത കണക്റ്റിവിറ്റി നൽകും.

പിഎംജിഎസിനെ ജില്ലാ, പ്രാദേശിക തലത്തിലേക്ക് കൊണ്ടുപോകുന്നതിനായി ഭാസ്കരാചാര്യ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പേസ് ആപ്ലിക്കേഷൻസ് ആൻഡ് ജിയോ-ഇൻഫർമാറ്റിക്സി (ബിസാഗ്-എൻ) ന്റെ സാങ്കേതിക പിന്തുണയോടെ ലോജിസ്റ്റിക്സ് ഡിവിഷൻ 100-ലധികം ജില്ലകൾ ഉൾക്കൊള്ളുന്ന ഏഴ് വർക്ക്ഷോപ്പുകൾ രാജ്യത്തുടനീളം ആസൂത്രണം ചെയ്തിട്ടുണ്ട്. ആദ്യ രണ്ട് ശിൽപശാലകൾ യഥാക്രമം ഭോപ്പാൽ (മധ്യമേഖല), പൂനെ (പടിഞ്ഞാറൻ മേഖല) എന്നിവിടങ്ങളിൽ നടന്നു. കേരളം, കർണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട്, തെലങ്കാന എന്നിവിടങ്ങളിൽ നിന്നുള്ള 14 ജില്ലകളിലെ ഭരണ-ഉദ്യോഗസ്ഥ തലത്തിലുള്ളവർ ദക്ഷിണമേഖലാ ശിൽപ്പശാലയിൽ പങ്കെടുക്കും.

റോഡ്, ഹൈവേ, ഗതാഗതം, ഷിപ്പിംഗ്, ടെലികോം, വിദ്യാഭ്യാസം തുടങ്ങിയ മന്ത്രാലയങ്ങളും വകുപ്പുകളും പിഎംജിഎസിന്റെ മികച്ച പ്രവർത്തന മാതൃകകൾ ശിൽപ്പശാലയിൽ പ്രദർശിപ്പിക്കും. പിഎംജിഎസിന്റെ ജിയോ സ്പെഷ്യൽ ടെക്നോളജിക്കും നിതി ആയോഗിന്റെ ജില്ലാതല പരിപാടികൾക്കുമൊപ്പം അടിസ്ഥാന-സാമൂഹിക-സാമ്പത്തിക സൗകര്യങ്ങളുടെ ഫലപ്രദമായ ആസൂത്രണത്തിൽ പിഎംജിഎസ് എൻഎംപി പ്ലാറ്റ്ഫോമിന്റെ പ്രയോജനത്തെക്കുറിച്ചും സമഗ്രമായ പ്രദേശാധിഷ്ഠിത ആസൂത്രണം സുഗമമാക്കുന്നതിൽ ജില്ലാ കളക്ടർമാരുടെ പങ്കിനെക്കുറിച്ചും യോഗം ചർച്ച ചെയ്യും.

ജില്ലകൾ, സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ, കേന്ദ്ര മന്ത്രാലയങ്ങൾ, സംസ്ഥാന വകുപ്പുകൾ എന്നിവയ്ക്കിടയിലുള്ള വിപുലമായ ചർച്ചകൾക്കും വിശകലനത്തിലുമായി പ്രധാനമന്ത്രി ഗതിശക്തി എൻഎംപിയുടെ പ്രസക്തമായ പങ്കാളികളെ ഒരുമിച്ച് കൊണ്ടുവരുന്നതിനുള്ള ഫലപ്രദമായ മാർഗമായി ഈ ശിൽപ്പശാലകൾ പ്രവർത്തിക്കുന്നു.